## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** | **30-08-2022 - ൽ മറുപടിയ്ക്ക്**

## ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിൽ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) | സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ, ജാഗ്രത സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും , എക്സൈസ്, പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡൻസ്, റെഡ് റിബൺ ക്ലബ്ബ്,എക്കോ ക്ലബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ പോലീസിൽ പരാതി നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഹയർസെക്കണ്ടറി വിഭാഗത്തിൽ പോലീസ്,<br><br>എക്സൈസ്, സാമൂഹ്യനീതി വകുപ്പുകളുമായി സഹകരിച്ചുകൊണ്ടും സ്കൂൾ തലത്തിൽ എസ്.പി.സി, എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്&ഗൈഡ്സ് പ്രവർത്തനങ്ങളുടെ ഭാഗമായും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം, കൗൺസിലിംഗ് പ്രോഗ്രാമുകൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി<br><br>വിദ്യാലയങ്ങളിൽ പൊതുവായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | വി.എച്ച്.എസ്.ഇ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളിൽ ലഹരി<br><br>ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ<br><br>എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്താറുണ്ട്. കൂടാതെ വകുപ്പ<br><br>തലത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ<br><br>നേതൃത്വത്തിൽ ഇൻസൈറ്റ് എന്ന പ്രോഗ്രാം നടത്താറുണ്ട്.നാഷണൽ സർവ്വീസ് സ്കീം(എൻ.എസ്.എസ്)പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി / മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ<br><br>ബോധവൽക്കരിക്കുന്നതിനായി Yellow line campaign, Habit State, Health Arena, ജാഗ്രതാമതിൽ ഇടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br><br>ഇവയ്ക്കായി സംസ്ഥാന എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പുകൾ സഹകരണം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ